47

1B3N23082 (Pages : 2) Reg. No:......................

Name: ...........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA/B.Sc Degree Examination, November 2023**

**BML3A09 – Malayala Sahithyam – 3**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.**

1. അമ്മയുടെ മരണക്കിടക്കയിലേക്ക് പോകാതിരിക്കുന്നത് എന്തുകൊണ്ടാണെന്നാണ് നടന്റെ വ്യാഖ്യാനം?
2. " ഇല്ല, ഒരു പ്രായശ്ചിത്തത്തിനും വിലയില്ല"- ആരുടെ വാക്കുകളാണിത്?
3. ഭരത വാക്യത്തിലെ ശക്തമായ ബിംബങ്ങൾ ഏവ?
4. ടാഗോറിന്റെ നാടകങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം?
5. പി.എം. താജിന്റെ നാടകങ്ങളിലെ നാടോടി സങ്കല്പം എന്ത്?
6. " സ്വന്തം കണക്ക് കൂട്ടിയപ്പോൾ തെറ്റി "? എന്തിനെക്കുറിച്ചാണ് പെരുന്തച്ചൻ ഇങ്ങനെ പറഞ്ഞത്?
7. പെരുന്തച്ചൻ നാട്ടുകാർക്ക് വേണ്ടി ചെറിയ അമ്പലം പണിയാൻ പോകുന്ന സ്ഥലത്തെക്കുറിച്ച് മകൻ കണ്ണനുണ്ടായ സംശയമെന്ത്?
8. നമ്പൂതിരി സമുദായത്തിൽ പ്രായശ്ചിത്തമായിട്ടുള്ള കുളികൾ ഏതൊക്കെയായിരുന്നു?
9. സംവിധായകൻ എന്ന പദം എവിടെ നിന്ന് കടം കൊണ്ടതാണെന്നാണ് ലേഖകന് പറയുന്നത്?
10. ചലച്ചിത്രകാരൻ ആത്മപ്രകാശനം നടത്തുന്നത് എങ്ങനെയാണ്?
11. " വീട്ടിലെ സ്ഥിരം സന്ദർശകരാണ് ഇവരെങ്കിലും പെരുന്നാൾ ദിനത്തിൽ മാത്രമേ ഒന്നിച്ച് വരാറുള്ളൂ ' - ആരെല്ലാമാണിവർ?
12. ആറാം വയസ്സിൽ സ്കൂളിൽ ചേർക്കാൻ മുഹമ്മദലിയെ സഹോദരൻ കൊണ്ട് പോയതെങ്ങനെ?
13. മദ്രസയുടെയും പള്ളിയുടേയും നടത്തിപ്പിലേക്കുള്ള വിഹിതമായിരുന്നു അത്. ഏത്?
14. രാജൻ കാക്കനാടൻ നായകനായി അഭിനയിച്ച ചലച്ചിത്രത്തിന്റെ പേരെന്ത്? സംവിധായകൻ ആര്?

15.'എതിര്' ആരുടെ കൃതിയാണ്? ഈ കൃതി ഏത് സാഹിത്യ വിഭാഗത്തിൽ ഉൾപ്പെടുന്നു?

[2 x 15 = 30 പരമാവധി മാർക്ക് 25]

**ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക.**

16."പണം കടം വാങ്ങിയാൽ വീട്ടാം, വിശ്വാസം കടം വാങ്ങിക്കളഞ്ഞു കുളിച്ചാൽ". സന്ദർഭവും ആശയവും വ്യക്തമാക്കുക.

17. നിലാവ് കോരിക്കുടിച്ച കള്ളിമുൾച്ചെടികൾ എന്ന പാഠഭാഗത്തിന് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക?

18.രവീന്ദ്രനാഥ ടാഗോർ മാർഗദർശിയായി തീരുന്നതെങ്ങനെ?

19."സമ്മതിക്കും, അല്ലെങ്കിൽ സമ്മതിപ്പിക്കണം" ആരുടെ വാക്കുകളാണിത് സന്ദർഭം ഏത്?

20." അനുഗ്രഹിച്ചവരുടെ ഒക്കെ ശാപവും ഏറ്റുവാങ്ങിയാലേ തൃപ്തിയാവൂ എന്നുണ്ടോ" , സന്ദർഭം ഏത്?

21.സംസാരിക്കാൻ തുടങ്ങും മുമ്പുതന്നെ പരുവവും പാകതയും വന്ന ഒരു കലാരൂപമായി ചലച്ചിത്രം വളർന്നു. വിശദമാക്കുക?

22." ഇല്ലങ്ങളിലൊക്കെ രണ്ട് കുളങ്ങൾ ഉണ്ടാകും". വിശദീകരിക്കുക?

23.എടവണ്ണപ്പാറയിലെ ആഴ്ചച്ചന്തയെക്കുറിച്ച് വിശദീകരിക്കുക?

[5 x 8 = 40 പരമാവധി മാർക്ക് 35]

**ഏതെങ്കിലും രണ്ട് ചോദ്യങ്ങൾ രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക**

24.ദേവകി നിലയങ്ങോടിന്റെ "കുളി" എന്ന ലേഖനം നല്കുന്ന ആചാരാനുഷ്ടാനങ്ങളുടെ വിവിധ മുഖങ്ങൾ ഏവ? വിശദമാക്കുക?

25.വഴിയമ്പലത്തിലും പുൽക്കുടിലിലും എന്ന പാഠഭാഗത്തെ മുൻ നിർത്തി മലയാളത്തിലെ സഞ്ചാര സാഹിത്യത്തെക്കുറിച്ച് ഉപന്യസിക്കുക?

26.പ്രാദേശികമായ ഒരു മിത്തിന് ദൃശ്യ രൂപം നല്കിയപ്പോൾ എം.ടി. വരുത്തിയ മാറ്റങ്ങളെക്കുറിച്ച് ഉപന്യസിക്കുക?

27.ഭാരത വാക്യം എന്ന നാടകത്തിന്റെ രചനാപരമായ സവിശേഷതകൾ വിലയിരുത്തുക?

[2 x 10 = 20

48

1B3N23083 (Pages : 3) Reg. No:.........................

Name: ............................

FARROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA Malayalam Degree Examination, November 2023**

**BML3B03 – Naveena Malayala Kavitha**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

## SECTION – A

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. ''വിസ്മയം പോലെ ലഭിക്കും നിമിഷത്തി-

   നർത്ഥം കൊടുത്തു പൊലിപ്പിച്ചെടുക്ക നാം'' - സന്ദർഭമെന്ത്?

2. 'കാലം പഴയതല്ല

   വിട്ടുവീഴ്ചകളില്ല

   ചോരയ്ക്ക് ചോര തോക്കിന് തോക്ക്

   ധൈര്യത്തിനു ധൈര്യം' - ആശയം വിശദമാക്കുക?

3. 'ഇന്നവനില്ല മധുരാന്നമൊരുക്കുവാൻ

   നെല്ലും കരിമ്പും പഴങ്ങളും' - ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്? എന്തുകൊണ്ട്?

4. ബംഗാളിൽ നിന്ന് ഒരു വാർത്തയും കേൾക്കാത്തതുകൊണ്ട് രാജാവ് അസ്വസ്ഥനാകേണ്ട

   കാര്യം എന്ത്?

5. ''നിന്റെ ജീവനിലഴുകിയ

   ഭാഗ്യ, മെന്തൊരു ഭാഗ്യം!''

   എന്തിനെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത് കാരണമെന്ത്?

6. ''ഇത്രയും നേരം മരിച്ചു കിടന്നിട്ടും

   ചത്തീല ജീവിതമോഹമെന്നോ?''

   സന്ദർഭം എഴുതുക?

7. ''എല്ലാവിളക്കുമണഞ്ഞാലീപ്പാതിര

   എങ്ങനെയാവുമീ നാട്ടിൽ'' - ഇങ്ങനെ ചോദിക്കാൻ കാരണമെന്ത്?

8. പെണ്ണിന്റെ ആത്മാവിനെ അഴിച്ചെടുത്ത് ആറ്റൂർ ആരുടെ ഉടലിലാണ് ചേർത്തത്?

9. ''എനിക്ക് രാമായണവും

അതിലെ രാമനെക്കുറിച്ചും

ഒന്നും അറിയില്ല'' ആർക്ക്? എന്തുകൊണ്ട്?

10. ''ഭൂമിയെ അവിടെത്തന്നെ വച്ചേക്കണേ

തിന്നാൻ ഒന്നുമില്ലാതാകുമ്പോൾ

തിന്നാനുള്ള മണ്ണാണതിൽ' - സൂചിതമെന്ത്?

11. 'വെറുതെയല്ല

അവിടെ നിന്നു പുറപ്പെടുന്ന വാക്കുകൾ

പുഴുക്കളായി നുരയ്ക്കുന്നത്' - എവിടെ നിന്ന്?

12. ബാവുട്ടിക്ക മതേതര പ്രമേയമായതെങ്ങനെ?

13. ''രണ്ടു കൊട്ട കൂട്ടിവെച്ച് ഭൂഗോളമുണ്ടാക്കാം'' - സൂചിതമെന്ത്?

14. ''തീറ്റ മടുത്തപ്പോഴാണ്

അതുകൊണ്ട്

പന്ത് കളിക്കാമെന്ന് കണ്ടെത്തിയത്!'' - സന്ദർഭം എഴുതുക?

15. ''അവർ ചെലവഴിക്കുന്നത്

അവരുടെ സ്വർഗത്തിലെ

ശേഷിച്ച ദിനങ്ങളാണെന്നെനിക്കറിയാം'' - ആരെ കുറിച്ചാണ് ഇങ്ങനെ പറയുന്നത്?

എന്തുകൊണ്ട്?

(15 × 2 = 30) **പരമാവധി മാർക്ക് 25**

## SECTION – B

**II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.**

16. കവി ആറ്റൂർ ചോദിച്ചു,

''വെള്ളം അല്ലേ നല്ലത്". അനിത തമ്പി നൽകുന്ന മറുപടിയെന്താണ് ?

17. ''ഈ കുട്ടികളുടെ പുത്തൻപാട്ടിൽ തീയുണ്ട്'' സൂചിതമെന്ത്?

18. പോത്ത് എന്ന കവിതയിൽ പോത്തിന് നൽകിയ വിശേഷണങ്ങൾ എപ്രകാരമെല്ലാം

അടിയന്തരാവസ്ഥക്കാലത്തെ സമൂഹത്തിന് ചേരുന്നു എന്ന് പരിശോധിക്കുക?

19. ''കവിപ്രേയസി'' എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക

20. ''ജീവിച്ചിരിക്കുന്നവരുടെ സന്ദേഹങ്ങൾക്ക് മരിച്ചവരുടെ ലോകത്ത് മറുപടിയുണ്ടാകുമോ?

ബാവുട്ടിക്ക ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്?

21. വാക്കുകൾ നമ്മെ തൊടുന്നത് അതിന്റെ പ്രഭവസ്ഥാനവുമായി ബന്ധപ്പെട്ടാണ്. വാക്കുകൾ എന്ന കവിതയെ മുൻനിറുത്തി പരിശോധിക്കുക?

22. "ഈ രാത്രി

അത്താഴത്തിന്റെ രുചിയോടെ

ഉറങ്ങുന്ന എന്റെ മക്കൾ

അരവയറോടെ അച്ചിയും ഞാനും"

ഈ വരികളിൽ തെളിയുന്ന ജീവിതം എന്ത്?

23. "തീരാത്ത ജ്ഞാന സ്നാനങ്ങൾ ചെയ്ത്

ലോകത്തിന്റെ ദുർഗ്രഹതയിൽ ഇവർക്ക് മനം മടുത്തു കാണും." സന്ദർഭവും ആശയവും എഴുതുക.

(18 × 5 = 40) പരമാവധി മാർക്ക് 35

## SECTION – C

**III. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരം തയ്യാറാക്കുക.**

24. സ്ത്രീ മനസിന്റെ ആകുലതകളും ആശയങ്കകളും പങ്കുവെയ്ക്കുന്നതോടൊപ്പം അവളുടെ സ്വാതന്ത്ര്യ ദാഹവും കവി അവതരിപ്പിക്കുന്നുണ്ട്. 'പെൺകുഞ്ഞ് 90' എന്ന കവിതയെ മുൻനിറുത്തി പരിശോധിക്കുക.

25. 'കാടെവിടെ മക്കളേ, ശാന്ത' എന്ന കവിതകൾ ചർച്ച ചെയ്യുന്ന സാംസ്കാരിക സാമൂഹിക പ്രശ്നങ്ങളെ വിമർശനബുദ്ധ്യാ വിലയിരുത്തുക.

26. അധികാര വർഗത്തിന്റെ മാറ്റമില്ലാതെ തുടരുന്ന പ്രകൃതത്തിന്റെ ആവിഷ്കാരമാണ് കെ. ജി.എസിന്റെ 'ബംഗാൾ' വിശകലനം ചെയ്യുക.

27. 'മെഹബൂബ് എക്സ്പ്രസ്' ഇന്ത്യൻ അനുഭവത്തിന്റെ ശബ്ദ ഭൂപടം ആകുന്നതെങ്ങനെ?

(2 × 10 = 20 മാർക്ക്)

1B3N23084

(Pages : 2)

Reg. No:.......................

Name: ...........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA Malayalam Degree Examination, November 2023**

**BML3B04 – Drishyakala Sahithyam**

(2022 Admission onwards)

Time: 2 ½ hours

Max. Marks : 80

## Section A

**I. ഒന്നോ രണ്ടോ വാക്കിൽ ഉത്തരം എഴുതുക.**

1. ലോകധർമി എന്നാൽ എന്ത്?
2. ചതുർവിധാഭിനയരീതിയെ പരിചയപ്പെടുത്തുക?
3. കുട്ടികളുടെ നാടകവേദിയുടെ മൂന്നു സവിശേഷതകൾ എഴുതുക.
4. അമചർ നാടകങ്ങൾ എന്നാൽ എന്ത്?
5. പ്രൊഫസർ ജി. ശങ്കരപ്പിള്ള ഉദ്ഘാടനം ചെയ്ത കുട്ടികളുടെ നാടകവേദി ഏത്? സ്ഥാപകൻ ആര്? ആദ്യ നാടകം ഏത്?
6. കാവാലം രചിച്ച മൂന്ന് തനത് നാടകങ്ങളുടെ പേര് എഴുതുക.
7. 'കോട്ടംവിട്ട കോട്ടയത്ത് കഥകൾ' എന്നറിയപ്പെട്ട ആട്ടക്കഥകൾ ഏവ?
8. 'വിഗതകുമാരൻ' സംവിധാനം ചെയ്തത് ആര്?പ്രധാന കഥാതന്തു എന്ത്?
9. കഥകളിയിലെ 'തിരനോട്ടം' എന്താണ്??
10. നളചരിതം ആട്ടക്കഥയുടെ മൂന്നു സവിശേഷതകൾ എഴുതുക.
11. കഥകളിയുടെ അവതരണ ക്രമം എന്ത്?
12. കാക്കാരിശ്ശി നാടകത്തിന്റെ മൂന്ന് സവിശേഷതകൾ എഴുതുക.
13. നവതരംഗ സിനിമ എന്ത്? മലയാള സിനിമയിൽ നിന്നും രണ്ട് ഉദാഹരണം എഴുതുക.
14. അനുവർത്തനത്തിന് നാല് ഉദാഹരണം എഴുതുക.
15. കഥകളിയിലെ ശ്ലോകം,പദം എന്നിവ എന്ത്?

**(2x 15= 30,പരമാവധി മാർക്ക് 25)**

## Section B

**II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക.**

16. സംഗീതനാടകങ്ങളുടെ സവിശേഷത എന്ത്? സ്വഭാവം വിശദമാക്കുക.

17. 'മലയാളശാകുന്തളം' ഒന്നാം അങ്കത്തിന്റെ കഥാസന്ദർഭം വിശദമാക്കുക.

18. 'എന്തുപറയാനാ? അവനവൻ കടമ്പയ്ക്കൽ ഇന്നത് ധുടിനോം'. സൂചിത സന്ദർഭം, ആശയം എന്നിവ വിശദീകരിക്കുക.

19. 'എനിക്കാരേം നെലയ്ക്കു നിറുത്തുവാൻ വയ്യ : ഞാനെന്റെ നെലയ്ക്കങ്ങു നിന്നോളാം'. ആര് ആരോട് പറയുന്ന വാക്കുകൾ? സന്ദർഭം വിശദമാക്കുക.

20. നളചരിതം ആട്ടക്കഥയ്ക്ക് മൂലകഥയിൽ നിന്നുള്ള വ്യതിയാനങ്ങൾ ഏവ എന്ന് പരിശോധിക്കുക.

21. "വാതിച്ചോർക്കും പ്രാണാപായേ

ജാതിച്ചോദ്യം വേണ്ടാ തൊടുവാൻ". സൂചിത സന്ദർഭവും ആശയവും വിശദീകരിക്കുക.

22. അബു എന്ന കഥാപാത്രത്തിന്റെ സ്വഭാവത്തെ നിരൂപിക്കുക.

23. തെരുവുനാടകത്തിന്റെ സ്വഭാവസവിശേഷതകൾ എന്ത്? വിശദമാക്കുക.

**(5x 8 = 40, പരമാവധി മാർക്ക് 35)**

## Section C

**III ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

24. സിനിമ എന്ന കലയുടെ ആവിർഭാവ ചരിത്രത്തെക്കുറിച്ച് ഉപന്യസിക്കുക.

25. ആട്ടക്കഥാസാഹിത്യത്തിൽ പ്രഥമഗണനീയമാണ് ഉണ്ണായിവാര്യരുടെ 'നളചരിതം' എന്ന് നിരൂപകർ വിലയിരുത്തുന്നതിന് അടിസ്ഥാനം എന്തെന്ന് പരിശോധിക്കുക.

26. മാനവികതയുടെ വീണ്ടെടുപ്പിനുള്ള അവിരാമമായ പരിശ്രമങ്ങളാണ് 'വെള്ളപ്പൊക്കം' എന്ന നാടകത്തിൽ ദൃശ്യമാകുന്നത് എന്ന പ്രസ്താവന എത്രത്തോളം ശരിയാണെന്ന് പരിശോധിക്കുക.

27. പ്രവചന സ്വഭാവത്തോടെ ലോകത്തെ വ്യാഖ്യാനിച്ച നാടകമാണ് 'രാവുണ്ണി' എന്ന് പറയാമോ? സ്വാഭിപ്രായത്തെ മുൻനിർത്തി വിലയിരുത്തുക.

**(2x 10 = 20 മാർക്ക് )**

50

1B3N23085

(Pages : 1)

Reg. No:.......................

Name: .........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA Malayalam Degree Examination, November 2023**

**BML3C03 – Keralapadanam – Adhinivesakala Keralam**

(2022 Admission onwards)

Time: 1 ½ hours

Max. Marks : 40

**I ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക**

1 കുഞ്ഞാലിമരയ്ക്കാർ ആരായിരുന്നു ?

2 ഹോർത്തുസ് മലബാറിക്കസ് എന്നാലെന്ത് ?

3 ആദ്യകാലത്തെ പ്രധാന മാപ്പിളപ്പാട്ട് രചയിതാക്കൾ ആരൊക്കെ?

4 അധിനിവേശ ചരിത്രത്തിൽ കുളച്ചൽ യുദ്ധത്തിന്റെ പ്രസക്തി എന്ത് ?

5 തൃപ്പടിദാനം എന്നാൽ എന്ത് ?

6 കൂനൻ കുരിശ് കലാപത്തിലേക്ക് നയിച്ച പ്രധാനകാരണം എന്തായിരുന്നു ?

(6X2=12 പരമാവധി 10 മാർക്ക്)

**II താഴെപ്പറയുന്നവയെക്കുറിച്ച് ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.**

7 പോർച്ചുഗീസുകാരുടെ സംഭാവനകൾ ചുരുക്കി എഴുതുക.

8 മലബാർ കലാപം

9 ടിപ്പുസുൽത്താൻ

10 പഴശ്ശിരാജാവ്

11 ഉദയംപേരൂർ സുനഹദോസ്

12 അറബിമലയാളം

(6X 4 =24 പരമാവധി 20 മാർക്ക്)

**III ഏതെങ്കിലും ഒരു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

13 മലയാള ഗദ്യവികാസത്തിൽ ക്രിസ്ത്യൻ മിഷണറിമാരുടെ സംഭാവനകൾ ചുരുക്കി എഴുതുക.

14 വിദേശ വാണിജ്യബന്ധങ്ങൾ രാഷ്ട്രീയ അധിനിവേശമായി മാറുന്നതിന്റെ ചരിത്രമാണ് പതിനഞ്ചാം നൂറ്റാണ്ടു മുതലുള്ള കേരളചരിത്രം. ഉദാഹരണ സഹിതം വിവരിക്കുക.

(1 X 10 = 10)